# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ **1560** | **07.03.2018** ൽ മറുപടിക്ക്

## ജേക്കബ് തോമസിനെതിരായ അച്ചടക്കനടപടി

**ചോദ്യം:** | **ഉത്തരം :**
---|---
**ശ്രീ. പി.സി.ജോർജ്** | **പിണറായി വിജയൻ**<br>**മുഖ്യമന്ത്രി**

**(എ)** മുതിർന്ന ഐ.പി.എസ്. ഉദ്യോഗസ്ഥൻ ജേക്കബ് തോമസിനെതിരായ അച്ചടക്കനടപടി പരിഗണനയിൽ ഉണ്ടോയെന്ന് വിശദമാക്കമോ;

**(ബി)** ഈ ഉദ്യോഗസ്ഥന്റെ പേരിൽ എന്തൊക്കെ കുറ്റങ്ങളാണ് കണ്ടെത്തിയിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ;

**(എ)ഉം (ബി)ഉം:** ഉണ്ട്. 09.12.2017 ൽ തിരുവനന്തപുരം പ്രസ് ക്ലബ്ബിൽ വച്ച് നടന്ന പൊതു ചടങ്ങിൽ പങ്കെടുത്തുകൊണ്ട് ഡോ.ജേക്കബ് തോമസ് ഐ.പി.എസ് സർക്കാരിന്റെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ചും നയപരിപാടികളെക്കുറിച്ചും നിശിതമായി വിമർശിച്ചു. കൂടാതെ ഓഖി ദുരന്ത നിവാരണ പ്രവർത്തനവുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടികളെയും മാധ്യമങ്ങൾക്ക് മുമ്പിൽ അപകീർത്തികരവും പ്രകോപനപര വുമായി വിമർശിച്ചു. അതിന്റെ അടിസ്ഥാന ത്തിൽ ആൾ ഇന്ത്യാ സർവ്വീസ് (ഡിസിപ്ലിൻ & അപ്പീൽ) റൂൾസ്, 1969 ചട്ടം 3 ലെ വ്യവസ്ഥയ്ക്ക നുസൃതമായി 19.12.2017 ലെ സ.ഉ.(സാധാ.) നം. 8044/2017/പൊ.ഭ.വ. പ്രകാരം ഡോ.ജേക്കബ് തോമസ് ഐ.പി.എസിനെ സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്ത് അച്ചടക്കനടപടി ആരംഭിച്ചിട്ടുണ്ട്.

കൂടാതെ സർക്കാരിന്റെ മുൻകൂർ അനുമതി ലഭിക്കാതെ സർക്കാരിന്റെ നയങ്ങളെയും പ്രവർത്തനങ്ങളെയും വിമർശിച്ചുകൊണ്ട് രണ്ടു ഗ്രന്ഥങ്ങൾ രചിച്ച് പ്രസിദ്ധീകരിച്ചുവഴി അഖിലേന്ത്യാ സർവ്വീസ് ചട്ടങ്ങളുടെ ലംഘനം നടത്തിയതു സംബന്ധിച്ച് അച്ചടക്ക നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

**(സി)** പ്രസ്തുത ഉദ്യോഗസ്ഥൻ സർക്കാരിന് എതിരെ ഹൈക്കോടതിയിൽ ഹർജി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

**(സി)** വിസിൽ ബ്ലോവേഴ്സ് പ്രൊട്ടക്ഷൻ ആക്ട് പ്രകാരം സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ട് ഡോ.ജേക്കബ് തോമസ് ഐ.പി.എസ്. ബഹു. ഹൈക്കോടതി മുമ്പാകെ നിലനില്ക്കുന്ന റിട്ട് ഹർജിയിന്മേൽ (WP(C) No.12125/2010) ഒരു ഇന്റർലൊക്യൂട്ടറി അപേക്ഷ ഫയൽ ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**